പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്ന മിട്ട ചോദ്യം നമ്പർ : 15 30.11.2015 ൽ മറുപടിക്ക്

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, സി.പി.മുഹമ്മദ്<br>,, എം.എ. വാഹീദ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം- I) |
| (സി) | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം- II) |

Rajani.N

സെക്ഷൻ ഓഫീസർ

അനുബന്ധം - I

ഉത്തരം.(ബി) സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.
2) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.
3) വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.
4) സാമൂഹിക തിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.
5) ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
6) എൻ.സി.സി, എൻ.എസ്.എസ് തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.
7) വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരേ പ്രവർത്തിക്കുവാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക.
8) സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.
9) സ്വഭാവ ശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
10) സമൂഹത്തിന്റെ സർവ്വോൻമുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

Rajani.N

സെക്ഷൻ ഓഫീസർ

അനുബന്ധം - II

ഉത്തരം.(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് (പി) നം. 121/2010/ആഭ്യന്തരം, തീയതി:25.05.2010 പ്രകാരമാണ് സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ ഉത്തരവിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസറുടെ ചുമതലകളും പ്രവർത്തനങ്ങളും, പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂളുകളിൽ കേഡറ്റുകളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള യോഗ്യതകൾ, കേഡറ്റുകളുടെ യൂണിഫോം, ഭരണ നിർവ്വഹണം, ധനകാര്യം, കേഡറ്റുകളുടെ പരിശീലനം, വിവിധ തരം ക്യാമ്പുകൾ എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.
2. എസ്.പി.സി പദ്ധതി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്തിന്റെ ചുമതലയുള്ള ഐ.ജി യുടേയും എസ്.പി.സി പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുടേയും പേരിൽ എസ്.ബി.റ്റി യുടെ തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ ഒരു ജോയിന്റ് അക്കൗണ്ട് സർക്കാർ ഉത്തരവ് (സാ) നം 3085/2010/ആഭ്യന്തരം, തീയതി :06.10.2010 -പ്രകാരം ആരംഭിക്കുകയുണ്ടായി.
3. സർക്കാർ ഉത്തരവ് നം 3284/11/പൊ.വി.വ, തീയതി :12.08.2011 പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ/ അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി പ്രവർത്തിച്ചു വരുന്ന അദ്ധ്യാപകരെ 5 വർഷത്തേക്ക് സ്ഥലം മാറ്റാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
4. സർക്കാർ ഉത്തരവ് (കൈ)214/2012/ആഭ്യന്തരം തീയതി:04.08.2012 പ്രകാരം എസ്.പി.സി പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകി വരുന്നു.
5. സർക്കാർ ഉത്തരവ് (കൈ) നം 291/2012/ആഭ്യന്തരം, തീയതി:20.11.2012 പ്രകാരം എസ്.പി.സി പദ്ധതിയിൽ സി.പി.ഒ/എ.സി.പി.ഒ മാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 500 രൂപാ നിരക്കിൽ ഓണറേറിയം നൽകി വരുന്നുണ്ട്.

6. എസ്.പി.സി പദ്ധതിയിൽ സി.പി.ഒ/എ.സി.പി.ഒ മാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും സർക്കാർ ഉത്തരവ് (എം.എസ്) നം.216/13/പൊ.വി.വ, തീയതി:20.07.2013 -ൽ വ്യക്തമാക്കിയിട്ടുണ്ട്.

7. തിരുവനന്തപുരം ചാല ഗവ. ഗേൾസ് ഹൈസ്കൂളിൽ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ എസ്.പി.സി അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സൗകര്യം അനുവദിക്കുകയും 12.12.2014 ന് ഡയറക്ടറേറ്റിന്റെ ഉത്ഘാടനകർമ്മം ബഹു. കേരളാ മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി.

8. എസ്.പി.സി പദ്ധതിയിൽ ഡ്രിൽ ഇൻസ്ട്രക്ടർമാരായി സർവ്വീസിൽ നിന്ന് വിരമിച്ച 60 വയസ്സിനു താഴെ പ്രായമുള്ള മികച്ച ശാരീരിക ക്ഷമതയുള്ളവരും താൽപര്യമുള്ളവരുമായ പോലീസ് ഉദ്യോഗസ്ഥരെ പ്രതിമാസം 3000/- രൂപാ (മൂവായിരം) നിരക്കിൽ നിയമിക്കുവാൻ സ.ഉ(സാ) നം. 3318/2014/ ആഭ്യന്തരം, തീയതി 11.12.2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

9. പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-2012 സാമ്പത്തിക വർഷം 59,80,000/- രൂപയും 2012-2013 സാമ്പത്തിക വർഷം 2,20,00,000/- രൂപയും 2013-2014, 2014-2015 സാമ്പത്തിക വർഷങ്ങളിൽ ആറ് കോടി രൂപ വീതവും 2015-2016 സാമ്പത്തിക വർഷം പത്ത് കോടി രൂപയും അനുവദിച്ചു നൽകുകയുണ്ടായി.

10. സംസ്ഥാന പോലീസ് മേധാവിയുടെ 12/07/2011 -ാം തീയതിയിലെ സർക്കുലർ നം.19/2011-ൽ എസ്.പി.സി പദ്ധതിയുടെ ഭരണ നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ജില്ലാ പോലീസ് മേധാവി, ജില്ലാ നോഡൽ ഓഫീസർ, സബ് ഡിവിഷണൽ ഓഫീസർ, സർക്കിൾ ഇൻസ്പെക്ടർ (പി.എസ്.എൽ.ഒ), എസ്.എച്ച്.ഒ, ഡ്രിൽ ഇൻസ്ട്രക്ടർ എന്നിവരുടെ ചുമതലകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

Rajani

സെക്ഷൻ ഓഫീസർ